**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എഡി.സി6/70044/2017/എച്ച്.എസ്.ഇ    തീയതി : 31/10/2017

# സർക്കുലർ

വിഷയം :- ഹയർ സെക്കന്ററി വിദ്യാഭ്യാസവകുപ്പ് - ജീവനക്കാര്യം- ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2017-2018 വർഷത്തെ പൊതുസ്ഥലംമാറ്റം - പരിഷ്കരിച്ച പ്രൊവിഷണൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- (1) പരാമർശം (1) സ.ഉ(പി)നം.06/2017/പൊ.വി തീയതി 03/04/2017
(2) ഈ ഓഫീസിലെ 28/09/2017 ഇതേ നമ്പർ സർക്കുലർ

സൂചനകളിലെ സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങൾക്കും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിവിധ കേസുകളിൽ പുറപ്പെടുവിച്ച ഉത്തരവുകൾക്കും വിധേയമായി 2017-18 വർഷത്തേയ്ക്കുള്ള ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പൊതുസ്ഥലമാറ്റത്തിന്റെ പ്രൊവിഷണൽ ലിസ്റ്റ് സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി ലിസ്റ്റ് സംബന്ധിച്ച് ലഭ്യമായിട്ടുള്ള പരാതികൾ ട്രാൻസ്ഫർ മാനദണ്ഡങ്ങൾക്ക് അനുസരിച്ച്, പരിഹരിച്ച് പരിഷ്കരിച്ച പ്രൊവിഷണൽ ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

ടി പ്രൊവിഷണൽ ലിസ്റ്റിനെ സംബന്ധിച്ച് പരാതിയുള്ള പക്ഷം dhsetransfer2017@gmail.com എന്ന ഇ-മെയിൽ അഡ്രസ്സിൽ സ്ഥാപന മേധാവിയുടെ ഔദ്യോഗിക ഇ-മെയിൽ വഴി 04/11/2017 5 P.M-ന് മുമ്പായി സമർപ്പിക്കേണ്ടതാണ്. കരട് ലിസ്റ്റിലെ പരാതികൾ പരിഹരിച്ചും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവുകൾ അടിസ്ഥാനമാക്കിയും അന്തിമസ്ഥലമാറ്റ പട്ടിക പിന്നീട് പ്രസിദ്ധീകരിക്കുന്നതായിരിക്കും.

പൊതുസ്ഥലംമാറ്റത്തിന് ശേഷം നിലവിലുള്ള ഒഴിവുകളിലേയ്ക്ക് 21/07/2017-ലെ ഇതേ നമ്പർ സർക്കുലർ പ്രകാരം അപേക്ഷിക്കാത്തവർക്ക് സ്ഥലംമാറ്റഅപേക്ഷകൾ സമർപ്പിയ്ക്കുന്നതിനുള്ള അവസരം (പരാമർശം(1) പ്രകാരം) നൽകുന്നതാണ്.

ഡോ.പി.പി.പ്രകാശൻ
ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)
ഡയറക്ടർ(ഇൻ ചാർജ്)